# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

13.11.2019-ലെ മറുപടി

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:4588

## ഗാർഹിക കുടിവെള്ള കണക്ഷൻകാർക്ക്ഓൺലൈൻ പേയ്മെന്റ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.എൻ.എ ഖാദർ<br>,, വി.കെ.ഇബ്രാഹിം കുഞ്ഞ് | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഗാർഹിക കുടിവെള്ള കണക്ഷൻകാർക്ക് അവരുടെ വെള്ളക്കരം ഓൺലൈൻ പേയ്മെന്റായി നടത്താൻ ഒരുക്കിയിട്ടുള്ള സംവിധാനങ്ങൾ വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ ഗാർഹിക കുടിവെള്ള കണക്ഷൻകാർക്ക് അവരുടെ വെള്ളക്കരം ഓൺലൈൻ പേയ്മെന്റായി നടത്താൻ കേരള വാട്ടർ അതോറിറ്റി ക്വിക്ക് പേ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ഓൺലൈൻ പേയ്മെന്റ് സംവിധാനം സെർവർ പ്രശ്നങ്ങളാൽ പലപ്പോഴും ഫലപ്രദമാകാത്തതിനാൽ പൊതുജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് കണക്കിലെടുത്ത് വൈദ്യുതി വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ള തരത്തിലുള്ള സംവിധാനമൊരുക്കാൻ നിലവിൽ എന്തു തടസ്സമാണുള്ളത്; വിശദമാക്കുമോ; | (ബി) | തടസ്സങ്ങളൊന്നുമില്ല |
| (സി) | ഈ സേവനം പ്രയോജനപ്പെടുത്തുന്നവർക്ക് കൂടുതൽ സൗജന്യങ്ങൾ അനുവദിക്കുന്നതിനു പകരം സർവ്വീസ് ചാർജ്ജിനത്തിൽ കൂടുതൽ തുക ഈടാക്കുന്നതു വഴി ഓൺലൈൻ പേയ്മെന്റ് സംവിധാനത്തെ നിരുത്സാഹപ്പെടുത്തുന്ന നടപടി പുന:പരിശോധിക്കാമോ? | (സി) | സർവീസ് ചാർജ്ജ് ഈടാക്കാതെയുള്ള പേയ്മെൻറ് സംവിധാനങ്ങൾ ഏർപ്പെടുത്താൻ വേണ്ടിയുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ